അദ്ധ്യായം നൂറ്റിപതിനാല്

## അന്നാസ് (ജനങ്ങൾ)

അവതരണം മക്കയിൽ, വചനങ്ങൾ 6

### അദ്ധ്യായ പരിചയം:

പ്രവാചകൻ മുഹമ്മദി(സ)ന്റെ മക്കാ ജീവിതത്തിലാണ് ഈ അദ്ധ്യായം അവതരിച്ചത്. ആറ് സൂക്തങ്ങളാണ് ഇതിലുള്ളത്.

മുഹമ്മദ്നബി(സ) തന്റെ ദൗത്യപ്രചാരണം മക്കയിൽ ആരംഭിച്ചതോടെ മക്കയിലെ പ്രമാണിമാർ അദ്ദേഹത്തിനെതിരെ ഇളകിവശായി. സാധ്യമായ രീതിയിലെല്ലാം അവർ അദ്ദേഹത്തെ എതിർത്തു. പ്രകോപനങ്ങളും പ്രലോപനങ്ങളും മാറിമാറി പരീക്ഷിച്ചു. മനഃസംഘർഷം മുറ്റിനിന്ന ഈ ഘട്ടത്തിൽ അല്ലാഹു അദ്ദേഹത്തിന് സമാധാനമായി അരുളിയ പ്രാർഥനയാണ് ഈ അദ്ധ്യായം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

قُلۡ أَعُوذُ بِرَبِّ ٱلنَّاسِ ﴿١﴾ مَلِكِ ٱلنَّاسِ ﴿٢﴾ إِلَٰهِ ٱلنَّاسِ ﴿٣﴾ مِن شَرِّ ٱلۡوَسۡوَاسِ ٱلۡخَنَّاسِ ﴿٤﴾ ٱلَّذِي يُوَسۡوِسُ فِي صُدُورِ ٱلنَّاسِ ﴿٥﴾ مِنَ ٱلۡجِنَّةِ وَٱلنَّاسِ ﴿٦﴾

### അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. പറയുക: ഞാൻ ശരണം തേടുന്നു, ജനങ്ങളുടെ നാഥനോട്.
2. ജനങ്ങളുടെ രാജാവിനോട്.
3. ജനങ്ങളുടെആരാധ്യനോട്.
4. ആവർത്തിച്ചാവർത്തിച്ച് ദുർബോധനം നടത്തുന്ന പിശാചിന്റെ ദ്രോഹത്തിൽനിന്ന്;
5. മനുഷ്യമനസ്സുകളിൽ ദുർബോധനം നടത്തുന്നവനായ.
6. മനുഷ്യരിലും ജിന്നുകളിലും പെട്ട (ദുർബോധകന്റെ ഉപദ്രവത്തിൽനിന്ന്.)

### വിശദീകരണം

പ്രാരംഭപ്രാർഥനയിൽ സൂചിപ്പിച്ചതുപോലെ യജമാനനായ ഏകദൈവത്തോട് പ്രാർഥിക്കുന്നതിനു മുമ്പായി ചില ഉപചാരങ്ങൾ ഇവിടെ സ്വീകരിച്ചത് കാണാം. അതായത്, മനുഷ്യൻ തന്റെ യജമാനനായ സ്രഷ്ടാവിന് സുതികീർത്തനങ്ങൾ ശേഷമാണ് അവനോട് തന്റെ ആവശ്യങ്ങൾ ഉന്നയിക്കേണ്ടത്. അതിനാണ് ഇവിടെ ജനങ്ങളുടെ ഉടമസ്ഥൻ, ജനങ്ങളുടെ രാജാവ്, ജനങ്ങളുടെ ആരാധ്യൻ എന്നീ ഗുണനാമങ്ങൾ പ്രത്യേകം എടുത്തോതിയത്.

ഈ അദ്ധ്യായത്തിൽ ഏകദൈവ വിശ്വാസി തന്റെ എല്ലാ പ്രയാസങ്ങളിൽനിന്നും യജമാനനായ സ്രഷ്ടാവിനോട് ശരണം തേടുന്നത് ഈ മൂന്നു സവിശേഷതകൾ എടുത്തോതിക്കൊണ്ടാണ്. ഇവ മൂന്നും അവന് മാത്രമുള്ള ഗുണങ്ങളാണെന്ന് വിശ്വസിക്കുകയും തന്റെ ഭാഗത്തുനിന്നും അവനുള്ള തിരുമുൽക്കാഴ്ചയായി സമർപ്പിക്കുകയുമാണ് അയാൾ ചെയ്യുന്നത്.

ജനങ്ങളുടെ നാഥൻ, അവരുടെ രാജാവ്, അവരുടെ ആരാധ്യൻ എന്നീ നിലകളിലെല്ലാം ദൈവം ലോകത്തിനു മീതെ പരമാധിപത്യമുള്ളവനാണ്. തന്നോട് പ്രാർഥിക്കുന്നവരെ എല്ലാവിധ തിന്മകളിൽനിന്നും വിപത്തുകളിൽനിന്നും സംരക്ഷിക്കാൻ കഴിവുള്ളവനാണ്. അതിനു മാത്രം അവൻ സർവശക്തനാണ്. അവന്റെ ശക്തിക്ക് ഉപരിയായ ശക്തികളൊന്നും ഈ പ്രപഞ്ചത്തിലില്ല. ഇതത്രെ പ്രസ്തുത വാക്കുകളുടെ താല്പര്യം.

മനുഷ്യൻ ദൈവിക മാർഗത്തിൽ ജീവിച്ച് പുണ്യം കരസ്ഥമാക്കുന്നതിൽ തികച്ചും നിരാശനാണ് പിശാച്. അവരെ വഴിപിഴപ്പിക്കാൻ അവൻ ദുർമന്ത്രങ്ങളുമായി മനുഷ്യമനസ്സുകളിലേക്ക് കടന്നുവരും. അവന്റെ കൂട്ടാളികളായ മനുഷ്യരിലൂടെ തന്റെ കുതന്ത്രം പ്രയോഗിക്കും. അതാവട്ടെ ഒരിക്കലല്ല, ആവർത്തിച്ചാവർത്തിച്ച് അവൻ തന്റെ കുതന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും. വാസ്തവത്തിൽ മനുഷ്യനെ വഴിപിഴപ്പിക്കുകയും അവനെ ദൈവകോപ

ത്തിന് വിധേയനാക്കുകയും ചെയ്യുക എന്നതാണ് പിശാചിൻെറ ജോലി. അത്തരം കുത ന്ത്രങ്ങളിൽനിന്നെല്ലാം ലോകനാഥനായ സ്രഷ്ടാവിൽ ശരണം തേടാൻ മനുഷ്യരെ ബോധി പ്പിക്കുകയാണ് ഈ അദ്ധ്യാപനത്തിലൂടെ അല്ലാഹു ചെയ്യുന്നത്.